LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധി ബോർഡുകളുടെ പുനഃസംഘടന

94 [548] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകൾ പുനഃസംഘടിപ്പിക്കാത്തതുമൂലം പ്രസ്തുത ബോർഡുകൾ മുഖേനയുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ക്ഷേമനിധി ബോർഡുകളാണ് ഇനിയും പുനഃസംഘടിപ്പിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇവ പുനഃസംഘടിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) (1) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, (2) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, (3) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, (4) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് എന്നിവയാണ് പുനഃസംഘടിപ്പിക്കുവാനുള്ളത്. അവ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലാളി ക്ഷേമ പദ്ധതികൾക്കായുള്ള ബഡ്ജറ്റ് വിഹിതം

95 [549] ശ്രീ. എ. സി. ഷൺമുഖദാസ്:

,, സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള തൊഴിലാളി ക്ഷേമ പദ്ധതികൾക്കായി സംസ്ഥാന ബഡ്ജറ്റിൽ എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ തൊഴിലാളി ക്ഷേമ പദ്ധതിക്കും എത്ര തുക വീതം വക കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി ഏതെങ്കിലും തൊഴിലാളിക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?